നം.കൈറ്റ്/2021/1614(19) തീയതി: 08.11.2021

## സർക്കുലർ

വിഷയം: കൈറ്റ് – പ്രൊബേഷൻ പൂർത്തിയാക്കുന്നതിനാവശ്യമായ KOOL ഓൺലൈൻ പരിശീലനം – ബാച്ച് 7 തുടങ്ങുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 01.12.2018 -ലെ സ.ഉ(സാധാ) നം. 5068/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്കുവേണ്ടി കൈറ്റ് തയ്യാറാക്കിയ KOOL ഓൺലൈൻ പോർട്ടൽ വഴിയുള്ള അടിസ്ഥാന ഐ.സി.ടി പരിശീലനത്തിന്റെ അടുത്ത ബാച്ച് (Batch - 7) തുടങ്ങുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൂൾ അടിസ്ഥാന ഐ.സി.ടി പരിശീലനത്തിനായി സമഗ്ര പോർട്ടലിൽ 29.10.2021 മുതൽ 05.11.2021 വരെ രജിസ്റ്റർ ചെയ്ത അധ്യാപകർക്കുള്ള പരിശീലനം 13.11.2021 മുതൽ ആരംഭിക്കുന്നതാണ്.

2. രജിസ്റ്റർ ചെയ്ത അധ്യാപകരുടെ ലിസ്റ്റ് കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ 09.11.2021 ന് ജില്ലകൾക്ക് ലഭ്യമാകും. ഈ ലിസ്റ്റിലുള്ളവരെയാണ് പരിശീലനത്തിനായി പരിഗണിക്കേണ്ടത്.

3. ജില്ലാ കോ-ഓർഡിനേറ്റർമാർ കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ അധ്യാപരെയും 20 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ഓരോ ബാച്ചിനുമുള്ള മെന്റർമാരെ നിയോഗിക്കേണ്ടതാണ്. നിയോഗിക്കപ്പെട്ട പുതിയ മെന്റർമാരെ കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപെടുത്തേണ്ടതാണ് (നിലവിലുള്ള മെന്റർമാരുടെ വിവരങ്ങൾ കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉണ്ടായിരിക്കും).

4. 10.11.2021 വൈകുന്നേരം 5 മണിക്കു മുമ്പായി കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഗ്രൂപ്പ് ഷെഡ്യൂളിങ് പൂർത്തിയാക്കി കൺഫേം ചെയ്യേണ്ടതാണ്. **കൺഫർമേഷൻ നടത്തിയ ഗ്രൂപ്പുകൾ മാത്രമേ കൂൾ പരിശീലനത്തിലേക്ക് സിങ്ക് ചെയ്യപ്പെടുകയുള്ളൂ.**

5. തത്സമയ സമ്പർക്ക ക്ലാസ്സിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശം പഠിതാക്കൾക്ക് ജില്ലാ കോഡിനേറ്റർമാർ മെന്റർമാർ മുഖാന്തിരം സമയബന്ധിതമായി നൽകേണ്ടതാണ്. പരിശീലനത്തിന്റെ സമയക്രമ പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം 1)

6. പഠിതാക്കൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് തത്സമയ സമ്പർക്ക ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടത്. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള 5 ഓൺലൈൻ ക്ലാസ്സുകളാണ് കോഴ്സിന്റെ ഭാഗമായി നൽകേണ്ടത്.

7. കോഴ്സിന്റെ രണ്ടാമത്തെ മൊഡ്യൂൾ പൂർത്തിയാക്കുന്നതിനു മുമ്പായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ ഒരു തിരിച്ചറിയൽ രേഖയുടെ കോപ്പിയും പൂരിപ്പിച്ച Identification Certificate ഉം പഠിതാക്കളിൽ നിന്നും ശേഖരിച്ചശേഷം മെന്റർമാർ ജില്ലാ കോഡിനേറ്ററെ ഏൽപിക്കേണ്ടതാണ്. ഇതിനായി Identification Certificate ന്റെ സോഫ്റ്റ് കോപ്പി പഠിതാക്കൾക്ക് മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്. (അനുബന്ധം - 2 )

8. പഠിതാക്കളിൽ നിന്നും ശേഖരിച്ച തിരിച്ചറിയൽ രേഖയുടെ കോപ്പിയും പൂരിപ്പിച്ച Identification Certificate ഉം മെന്റർമാർ പരിശോധിക്കുകയും കൂൾ ട്രെയ്നിങ് മാനേജ്മെന്റ് സിസ്റ്റത്തിലെ ഡാറ്റയുമായി ഒത്തു നോക്കി കൃത്യത ഉറപ്പു വരുത്തുകയും വേണം. ഇതിനായി മെന്റർമാർക്ക് പ്രത്യേക ലോഗിൻ സൗകര്യം കൂൾ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

9. Identification Certificate ലെ വിവരങ്ങളിൽ നിന്നും എന്തെങ്കിലും വ്യത്യാസം ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിലെ വിവരങ്ങളിലുണ്ടെങ്കിൽ (പേരിന്റെ സ്പെല്ലിങ് ഉൾപ്പെടെ) വിവരം പഠിതാവിനെ അറിയിക്കേണ്ടതാണ്. സമഗ്ര പോർട്ടലിലൂടെ ഇത്തരം വിവരങ്ങൾ തിരുത്തുന്നതിനുള്ള അവസരം കോഴ്സ് തുടങ്ങി മൂന്നാമത്തെ മൊഡ്യൂൾ പൂർത്തിയാകുന്നതുവരെ നൽകുന്നതാണ്. **ഇതിനു ശേഷവും എന്തെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തണമെങ്കിൽ നം.കൈറ്റ്/2021/1614(16) തീയതി 11.10.2021 ലെ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ Head of the Institution സാക്ഷ്യപ്പെടുത്തി പ്രത്യേകം ഫീസടച്ച് അപേക്ഷിക്കണം.**

10. IT@School GNU/Linux 18.04 അടിസ്ഥാനമാക്കിയാണ് പുതിയ ബാച്ചുകൾക്ക് പരിശീലനം ക്രമീകരിക്കേണ്ടത്.

11. മാസ്റ്റർ ട്രെയിനർമാരെ ആവശ്യമെങ്കിൽ, ജില്ലാ കോഡിനേറ്റർമാർ പരസ്പരം ആലോചിച്ച് ജില്ലാ വ്യത്യാസമില്ലാതെയും മെന്റർമാരായി നിയമിക്കാവുന്നതാണ്. ഇതിനു പുറമെ, ജില്ലാ കോഡിനേറ്റർമാർ ലഭ്യമാക്കിയ ലിസ്റ്റിലുള്ള SITC മാരെയും മെന്റർമാരായി പരിഗണിക്കാവുന്നതാണ്.

12. ഓരോ ബാച്ചിലേക്കും തെരഞ്ഞെടുത്തിരിക്കുന്ന അധ്യാപകർ, മെന്റർ ആയി നിയോഗിക്കുന്ന മാസ്റ്റർ ട്രെയിനർ, പരിശീലനകേന്ദ്രത്തിന്റെ പേര് തുടങ്ങിയ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തോടൊപ്പം പ്രത്യേക രജിസ്റ്ററിൽ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർക്കും/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
സ്റ്റോക് ഫയൽ

അനുബന്ധം 1

# Basic ICT Training for Teachers (KOOL)

## (11/09/2021 to 30/10/2021)

## PRB-6:Compulsory Activities and Submission Dates

| Sl.No | Activities | Date |
|---|---|---|
| 1 | First Online Contact Class (webinar) | 13/11/2021 |
| 2 | Assignment Submission (Word-processor) | 20/11/2021 (10pm) |
| 3 | Quiz (Word-processor) | 20/11/2021 (10pm) |
| 4 | Assignment Submission (Spreadsheet) | 27/11/2021 (10pm) |
| 5 | Quiz (Spreadsheet) | 27/11/2021 (10pm) |
| 6 | Assignment Submission (Presentation) | 04/12/2021 (10pm) |
| 7 | Quiz (Presentation) | 04/12/2021 (10pm) |
| 8 | Assignment Submission (Image, Audio/Video Edit) | 11/12/2021 (10pm) |
| 9 | Quiz (Image, Audio/Video Edit) | 11/12/2021 (10pm) |
| 10 | Assignment Submission (Educational S/W tools) | 18/12/2021 (10pm) |
| 11 | Quiz (Educational S/W tools) | 18/12/2021 (10pm) |
| 12 | Assignment (SAMAGRA) | 25/12/2021 (10pm) |
| 13 | Quiz (SAMAGRA and OS) | 25/12/2021 (10pm) |
| 14 | Publishing CE Scores | 27/12/2021 |
| 15 | Issue of Hall-ticket (For Eligible Candidates) | 04/01/2022 |
| 16 | Skill Presentation (Tentative Date) | 08/01/2022(10am) (Tentative) |
| | Total Five Webinars (2 Hrs each) | |

# അനുബന്ധം 2

## KOOL SKILL PRESENTATION 2021
## IDENTIFICATION CERTIFICATE

| | |
|---|---|
| Name of Centre : | |
| Batch Number: | |

| | | |
|---|---|---|
| Name (in CAPITAL letters, as in service records) | | Photo<br><br>To be attested by Head of the Institution |
| Designation | | |
| Signature | | |
| School Name | | |

Place :
Date :

Signature of Head of the Institution

*(School Seal)*